പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3332 — 29.01.2014 ലെ മറുപടിയ്ക്ക്

## വൈക്കം താലൂക്കിലെ വരൾച്ചമൂലമുള്ള കൃഷിനാശം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വൈക്കം താലൂക്കിൽ വരൾച്ചമൂലമുണ്ടാകുന്ന കൃഷിനാശം നേരിടുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വരൾച്ച ബാധിക്കുന്നതിന് മുമ്പ് തന്നെ വിളവ് എടുക്കുന്നതിനായി ഒരേ സമയം വിതച്ച് ഒരേ സമയത്തു തന്നെ കൃഷി ഇറക്കുന്നതിന് പാടശേഖര കൺവീനർമാരുടെ യോഗം വിളിച്ച് കർഷകരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വരൾച്ച മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ഉപദേശക സമിതി യോഗങ്ങൾ കൂടുകയും മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, ജലസേചന പദ്ധതിയുടെ വാലറ്റ പ്രദേശങ്ങളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവു വേണ്ട വിളകൾ കൃഷി ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) മുൻ വർഷം വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിയതായി ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) | മുൻ വർഷം വരൾച്ചമൂലം നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2,78,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഈ വർഷത്തെ വരൾച്ചയിൽ വൈക്കത്തെ ഏതെല്ലാം പ്രദേശങ്ങളിൽ ഓരുവെള്ളം കയറി കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ഓരു വെള്ളം കയറിയെങ്കിലും വ്യാപകമായി കൃഷിനാശം സംഭവിച്ചിട്ടില്ല. വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ സമയോചിതമായ ഇടപെടൽ മൂലം ഓരു വെള്ളം കയറുന്നത് തടഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ